Mr. Speaker : That has been already answered.

പിന്നോക്കവിഭാഗത്തിൽ ആളുകളെ ഉൾപ്പെടുത്തുന്ന മാനദണ്ഡം.

* 1382. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കവിഭാഗത്തിൽ, ആളുകളെ ഉൾപ്പെടുത്തേണ്ടതിന്റെ മാനദണ്ഡം, സാമ്പത്തികമോ അഥവാ സാമുദായികമോ ആയിരിക്കേണ്ടതെന്നുള്ളതിനെപ്പറ്റി, കേരളഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട്, കേന്ദ്രത്തിൽനിന്നും ഏതെങ്കിലും കത്ത് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ വിഷയത്തിൽ ഗവണ്മെന്റ് എന്തു നിലപാടു സ്വീകരിച്ചു, എന്തു മറുപടി കൊടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ-ബി) ഉത്തരം തയാറായിട്ടില്ല. പിന്നൊരു ദിവസം പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിൽ കത്തു ലഭിച്ചിട്ടുണ്ടോ എന്നാണു ചോദിക്കുന്നത് ; അതു പറയുന്നതിനു് എന്താണിത്രമാസം വരുന്നത് ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ അതിന്റെ ഫയൽ കണ്ടില്ല. അല്ലാതെ മറ്റു കാരണമൊന്നുമില്ല.

തൊഴിൽത്തർക്കങ്ങൾ.

* 1383. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മാർച്ചു് മാസത്തിനുശേഷം എത്ര തൊഴിൽത്തർക്കങ്ങൾ ഒത്തുതീർപ്പിൽ എത്തിക്കുകയുണ്ടായി ;

(ബി) ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ മൊത്തം എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട് ;

(സി) എത്ര ടെയിഡ് യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും വർക്കുമെൻ കാംപൻസേഷൻ കമ്മീഷണരാൽ എത്ര കേസ്സുകൾ തീരുമാനിക്കപ്പെടുകയുണ്ടായെന്നും പറയാൻ കഴിയുമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 601.

(ബി) 3,847.

(സി) 22 ടെയിഡ്യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർക്കുമെൻസ് കാമ്പൻസേഷൻ കമ്മീഷണർ 15 കേസ്സുകൾ തീരുമാനിക്കയുണ്ടായി.

ശ്രീ. കെ. ഹസ്സൻ ശനി : എത്ര തൊഴിൽത്തർക്കങ്ങൾ ബാക്കി തീരുമാനിക്കാനുണ്ടെന്നു പറയാമോ ?

ശ്രീ. ടി. വി. തോമസ് : ബാക്കി എത്രയുണ്ടെന്നുള്ള കണക്ക് ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കേസ്സുകൾ തീർക്കുന്നതിനു് ഏതെങ്കിലും കാലപരിധി വച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. വി. തോമസ് : ഇല്ല. ഓരോ കേസ്സിന്റെയും സ്വഭാവമനുസരിച്ച് സമയം വേണ്ടിവരും.

പ്രൈവറ്റ് ബസ്സുകളിലെ ഓവർലോഡ്.

* 1384 [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്രൈവറ്റ് ബസ്സുകളിൽ ഓവർലോഡ് നിയന്ത്രിക്കുന്നതിനും കേരളത്തിൽ ഒരേകീകൃത നിയമം നടപ്പിൽ വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമം നടപ്പാക്കുന്നതിൽ ഇല്ലാതിരുന്നതോ വ്യത്യസ്ത പരിഗണനകളുണ്ടെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓവർലോഡിനു ചാർജ്ജ് ചെയ്യപ്പെടുന്നവരെ ഉടനെതന്നെ പിഴയിടുകയോ ശിക്ഷിക്കുകയോ ചെയ്യുന്നില്ലാത്തതുകൊണ്ട് വാഹനങ്ങളിലെ ജോലിക്കാർക്ക് ബുദ്ധിമുട്ടുള്ളതായി അറിയാമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ശിക്ഷിക്കുന്നതിനു മുമ്പു ചില നടപടികളും ആവശ്യമുള്ളതുകൊണ്ടു ഉടനെ ശിക്ഷിക്കാൻ നിർവാഹമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആ കേസ്സുകളും ഉടൻതന്നെ തീർക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ടി. വി. തോമസ് : സമാധാനവും മറുപടിയും വാങ്ങിയ ശേഷമേ കേസ്സു തീർക്കാൻ കഴിയുകയുള്ളൂ. അല്ലാതെ വെറുതേ ശിക്ഷിച്ചാൽ അപ്പീലിൽ കൊടുത്താൽ ശിക്ഷ അഴിഞ്ഞുപോകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ കേസ്സുകളിൽ ശിക്ഷിക്കുന്നതു കോടതികളാണോ ഡിപ്പാർട്ടുമെന്റു ആഫീസറന്മാരാണോ ?

ശ്രീ. ടി. വി. തോമസ് : രണ്ടു വിധത്തിലുമാകാം. കോടതി വഴിയുമാകാം ; ആർ. ടി. ഏ.-യ്ക്കുമാകാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇന്നു ഓവർലോഡിനു കൊടുക്കുന്ന ശിക്ഷ എന്തെല്ലാമാണു് ?

ശ്രീ. ടി. വി. തോമസ് : കണ്ടക്ടർക്കു ശിക്ഷയുണ്ടു്. വണ്ടിയുടെ ലൈസൻസു സസ്പെൻഡു ചെയ്യുന്നതുമൂലം ഉടമസ്ഥനും ശിക്ഷകിട്ടുന്നുണ്ടു്.

ശ്രീ ആർ. സുഗതൻ : ഇപ്പോഴുള്ള നിയമങ്ങൾ ലംഘിച്ചുകൊണ്ടു അമിതമായ നിലയിൽ ഓവർലോഡു നടത്തുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. ടി. വി. തോമസ് : അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ : കഴിഞ്ഞ മൂന്നാലുമാസങ്ങൾക്കിടയ്ക്കു് ഓവർലോഡിന്റെ ഫലമായി വണ്ടി മറിഞ്ഞു ഡ്രൈവറന്മാരും കണ്ടക്ടറന്മാരും മരിച്ചിട്ടുള്ളതായി അറിയുമോ ?

ശ്രീ. ടി. വി. തോമസ് : അറിയാൻ പാടില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : തൃശ്ശൂർ ഡിസ്ട്രിക്ടിൽ ട്രാഫിക്കു വളരെ കൂടുതലുള്ള റൂട്ടുകളിൽ കൂടുതൽ ബസ്സുകളും ഇടണമെന്നു ഗവണ്മെന്റിൻറട്ടുക്കൽ നിവേദനം നടത്തിയിട്ടു ഇതുവരെ അങ്ങനെ ചെയ്തിട്ടില്ലെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly